# ACADEMIC MASTER PLAN 2025- 2026

# G.U. P. SCHOOL KALARCODE

**പൊതു ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

2. കുട്ടികൾ അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

3. ഓരോ ടേമിലും കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങളും ശേഷികളും നൈപുണികളും തയ്യാറാക്കുന്നതിനും രക്ഷിതാക്കളുമായി പങ്കു വയ്ക്കുന്നതിനും വ്യക്തിഗത പി.ടി.എ / ക്ലാസ് പി.ടി.എ എന്നിവ ചേരുക

4. 5 മുതൽ 7-ാം ക്ലാസ് വരെയുള്ള മുഴുവൻ കുടികൾക്കും അക്കാദമിക സപ്പോർട്ടിനായി വർക്ക്ഷീറ്റുകൾ എസ്. ആർ. ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കുക

5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണയം നടത്തുകയും ചെയ്യുക.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക

7. എല്ലാ കുട്ടികൾക്കും മലയാളം , ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കുക

8. കുട്ടിയുടെ പഠന താത്പര്യത്തേയും വ്യക്തിത്വ വികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാര ബോധന പ്രക്രിയയും നിരന്തരം മൂല്യനിർണയ പ്രക്രിയയും നടത്തുക

9. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി കോച്ചിംഗ് ക്ലാസ് സംഘടിപ്പിക്കുക

10. ലൈബ്രറി / ലാബ് വികസനം സാധ്യമാക്കും.

11. പഠനയാത്രകൾ സംഘടിപ്പിക്കും.

12. അധ്യാപകരുടെ ICT പ്രവർത്തനങ്ങൾ പഠന പ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കുക

13. ക്ലബുകളുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

14. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

15. ഹരിതസേന രൂപീകരിക്കൽ.

16. ശാസ്ത്ര/സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ താത്പര്യമുണർത്തുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക

17. എല്ലാ കുട്ടികൾക്കും ICT വിദ്യാഭ്യാസം നൽകുക.

## 2025-26 വർഷം നടത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ

**ഭാഷാവികാസം - മലയാളം**

**ലക്ഷ്യം**

1. എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ഭാഷാശേഷി വികസനത്തിനായി ICT പ്രയോജനപ്പെടുത്തുക

6. മികച്ച വായനാശീലം വളർത്തുക

7. പഠനവിടവായി കണ്ടെത്തിയ വായിക്കുവാനുള്ള ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തി വായനയെ മികവിലേക്ക് നയിക്കുക.

**പ്രവർത്തനങ്ങൾ**

- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ
- വായന കാർഡ് / അക്ഷര കാർഡ്
- രക്ഷകർത്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ
- ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടുത്തുക
- കുട്ടികളുടെ പുസ്തകശേഖരണം വിപുലപ്പെടുത്തുക
- ആകാശവാണി, റേഡിയോ മറ്റു വാർത്താവിനിമയ മാധ്യമങ്ങളുടെ സാധ്യതകൾ കണ്ടെത്തി ലിസണിംഗ് സ്കിൽ വർദ്ധിപ്പിക്കുക.
- ICT പരമാവധി പ്രയോജനപ്പെടുത്തുക
- മികച്ച ഭാഷ അധ്യാപകർ, എഴുത്തുകാർ ഇവരുടെ ക്ലാസുകൾ നൽകുക.
- സംവാദം, ചർച്ച (വിഷയാസ്പദം)
- വായനാനുഭവം മികച്ചതാക്കുക.
- കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുക
- വായനാമൂല ഒരുക്കുക.
- വാർത്താ ബോർഡ് സ്ഥാപിക്കുക
- ഓരോ മാസത്തിലെയ്യും പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ.
- സർഗാത്മകരചനയ്ക്കായി കഥ/കവിത/ലേഖനം മുതലായവ എഴുതുക
- വായനാക്കുറിപ്പ് തയ്യാറാക്കൽ
- സാഹിത്യ സദസ് - കുട്ടികളുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുക

## ഭാഷാവികാസം- ഇംഗ്ലീഷ്

**ലക്ഷ്യം**

1. ഇംഗ്ലീഷ് പഠനവിടവ് (വായന /എഴുത്ത്) പരിഹരിക്കുക
2. കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക
3. ആശയങ്ങൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാൻ പ്രാപ്തരാക്കുക
4. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുവാനും ഭാഷാ പ്രാവിണ്യം വളർത്താനുമുള്ള ആവേശം ഉണർത്തുക
5. ICT പ്രയോജനപ്പെടുത്തുക.
6. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
7. പഠനവിടവുകൾ പരിഹരിച്ച് ഇംഗ്ലീഷ് ഭാഷാ പഠനം മികവിലേക്ക് നയിക്കുക

**പ്രവർത്തനങ്ങൾ**

**ഇംഗ്ലീഷ് ശ്രവിക്കുക** - Listen me

- ഇംഗ്ലീഷ് വാർത്തകൾ, കാർട്ടൂൺ, അനിമേഷൻ എന്നിവ ശ്രവിക്കുക.
- BBC - നാടകങ്ങൾ കേൾപ്പിക്കുക
- Ecube stories കേൾക്കുക
- പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ/ സിനിമ പ്രദർശനം

**ഇംഗ്ലീഷ് - സംസാരിക്കുക** - Let's Speak

- ലഘുനാടകങ്ങൾ അവതരിപ്പിക്കുക
- കഥ പറയുക.
- സൗഹൃദ സംഭാഷണം നടത്തുക.
- ഇംഗ്ലീഷ് അസംബ്ലി നടത്തുക
- ഡിബേറ്റ് സംഘടിപ്പിക്കുക

**ഇംഗ്ലീഷ് - വായിക്കുക Read loudly**

- Spelling correction
- Dictionary reading
- News paper reading
- Word game ,Picture cards and reading cards
- Story book reading
- E-cube language lab

**ഇംഗ്ലീഷ് - എഴുതുക Write some more**

- തെറ്റില്ലാതെ എഴുതുക.
- സ്വന്തമായി ഡയറി / പതിപ്പ് തയ്യാറാക്കുക
- സ്വന്തം ആശയങ്ങൾ എഴുതുക - കൈയ്യെഴുത്ത് മാസിക
- കഥ / കവിത/ലേഖനം- രചനാ മത്സരം
- കൊളാഷ് / പത്ര നിർമാണം
- E-Cube lab
- സമഗ്ര വർക്ക്ഷീറ്റുകൾ പ്രയോജനപ്പെടുത്തുക
- ഇംഗ്ലീഷ് ലൈബ്രറി ശേഖരം വിപുലപ്പെടുത്തുക.

**ഭാഷാവികാസം - ഹിന്ദി**

1. തെറ്റുകൂടാതെ എഴുതാനും വായിക്കാനും പഠിക്കുക
2. നിത്യവും കാണുന്ന വസ്തുക്കളുടെ പേര് (ഹിന്ദി) പഠിക്കുക
3. കാണുന്നതും കേൾക്കുന്നതും ഹിന്ദിയിൽ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാൻ കഴിയുക
4. ഹിന്ദി പുസ്തകങ്ങൾ വായിക്കാനും, ടി.വി, റേഡിയോ- എന്നിവ കേൾക്കാനും വേണ്ട ഭാഷാ നൈപുണി വളർത്തുക.

**പ്രവർത്തനങ്ങൾ**

- അക്ഷരമാല അക്ഷരക്കാർഡ് പദക്കാർഡ് എന്നിവ ഉപയോഗിക്കുക.
- ചിത്രകഥ, പുസ്തകം. വായിക്കുക.
- വിവരണങ്ങൾ തയ്യാറാകുക
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക
- സ്വന്തമായി പതിപ്പ് തയ്യാറാക്കുക
- ഹിന്ദി സിനിമ, നാടകങ്ങൾ മുതലായവ പ്രദർശിപ്പിക്കുക.
- നാടക അവതരണം.
- ഭാഷാ വിദഗ്ധരുമായി സംഭാഷണം
- സ്വതന്ത്രരചനയുള്ള അവസരം നൽകുക
- ഹിന്ദി ലൈബ്രറി വിപുലപ്പെടുത്തുക.
- ഹിന്ദി അസംബ്ലി

**വിഷയം - ഗണിതം**

**ലക്ഷ്യം**

1. 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച മുഴുവൻ പഠനനേട്ടങ്ങളും എല്ലാകുട്ടികളും എത്തിക്കുക

2. അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും നേടുക

3. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

4. ഉള്ളടക്കപരമായ ധാരണ നേടുന്നുവെന്ന് ഉറപ്പുവരുത്തൽ

5. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ

6. ICT ഉപയോഗം പ്രയോജനപ്പെടുത്തൽ

7. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾക്കൊള്ളും വിധം അനുരൂപീകരണ സാധ്യതകൾ

8. സ്കോളർഷിപ്പ്, വിജ്ഞാന പരീക്ഷകൾക്ക് മികച്ച വിജയം സാധ്യമാകും വിധം ഗണിത - പഠനം പുരോഗതി നേടുക

9. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുകയും നിർമ്മിക്കുകയും ചെയ്യുക

**പ്രവർത്തനം**

- അടിസ്ഥാന ക്രിയകൾ ഉറപ്പാക്കൽ
- സ്ഥാനവില ഉറപ്പാക്കൽ സംഖ്യാ കാർഡുകൾ
- അബാക്കസ്.
- കുസൃതി കണക്കുകൾ
- സ്ഥാനവില പോക്കറ്റ് നിർമാണം
- ജ്യാമിതീയ രൂപങ്ങൾ നിർമാണം (നിത്യോപയോഗ വസ്തുക്കൾ )
- വർക്ക് ഷീറ്റ് നിർമാണം
- ICT
- സംഖ്യാമാല, പദസൂര്യൻ

- ഗണിതശാസ്ത്രജ്ഞൻ മാർ, സംഭാവനകൾ - അനുബന്ധിച്ച് ക്വിസ്, സെമിനാർ
- പദപ്രശ്നം - ഗണിതം
- പണമിടപാട് പരിശീലനം ദിനാചരണങ്ങൾ.

**വിഷയം - സാമൂഹ്യശാസ്ത്രം**

1. പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു. അർത്ഥപൂർണമായ ഭൂപട വായന, ഗ്ലോബ് വായന
2. പുരാവസ്തുക്കളെ പരിചയപെടുക
3. ജില്ലകൾ, സംസ്ഥാനങ്ങൾ അവയുടെ പ്രത്യേകത മനസിലാക്കുക
4. സാമൂഹ്യ അവബോധം വളർത്തുക.
5. പ്രാദേശിക ചരിത്രം അറിയുക.
6. ബോധവത്കരണ പരിപാടികൾ നടത്തുക
7. ദിനാചരണങ്ങൾ
8. സ്കൂൾ പാർലമെന്റ്

**പ്രവർത്തനം**

- കേരളം, ഇന്ത്യ, ലോകം ഭൂപടം പരിചയപ്പെടുന്നു.
- ICT
- ദിവസത്തിൽ സാമൂഹ്യ- ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ പത്രം / മറ്റു മാധ്യമങ്ങളിൽ നിന്നും ശേഖരിക്കുന്നു.
- ദിവസവും 2 പത്രം വായിക്കുവാൻ അവസരം നൽകുന്നു
- ഇന്ത്യയുടെ വിവിധ കാലഘട്ടം പരിചയപ്പെടുക
- ബോധവത്കരണ ക്ലാസുകൾ
- ചിത്രപതിപ്പ് /വാർത്താ - പതിപ്പ് തയ്യാറാക്കുക.
- കാലാവസ്ഥാ വ്യതിയാനം കുറിപ്പ് തയ്യാറാക്കുക
- അഭിമുഖം
- സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് ഫിൻഡ് ട്രിപ്പ് നടത്തുക

- ജനാധിപത്യ സംസ്കാരം വളർത്തുന്നതിന് വളർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുക
- ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുപ്പ് നടത്തുക
- പുരാവസ്തുശേഖരങ്ങളുടെ ശേഖരം
- സ്കൂൾ പത്രം തയ്യാറാക്കുക.

**വിഷയം : ശാസ്ത്രം**

**ലക്ഷ്യം**

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
2. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
3. ശാസ്ത്ര പഠനത്തിലെ വിടവ് നികത്തുക.
4. പ്രക്രിയ ശേഷികൾ വികസിപ്പിക്കുക.
5. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
6. ICT പ്രയോജന പ്പെടുത്തുക.
7. ഫീൽഡ് ട്രിപ്പ്, പരിസ്ഥിതി പഠനയാത്ര
8. പഠനനേട്ടങ്ങൾ എല്ലാവർക്കും ഉറപ്പാക്കൽ
9. പുത്തൻ ശാസ്ത്ര അറിവുകൾ പങ്കുവയ്ക്കൽ

**പ്രവർത്തനങ്ങൾ**

- ഓരോ കുട്ടിയും ശാസ്ത്രകിറ്റ് തയ്യാറാക്കുക
- ഓരോ പാഠഭാഗത്തും ഗവേഷണാത്മക പ്രോജക്ട് തയ്യാറാക്കുക
- കൃഷിയുടെ പ്രാധാന്യം ഉറപ്പാക്കൽ
- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര വികസനവും പ്രാവർത്തികമാക്കുക
- പച്ചക്കറി തോട്ടം നിർമിക്കുക.
- ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഇണങ്ങും വിധം ക്ലാസുകൾ/ ശില്പശാലകൾ സംഘടിപ്പിക്കുക
- സയൻസ് ക്ലാസുകളിൽ ഉപകരണങ്ങൾ പരിചയപ്പെടുത്തുക
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഊന്നിയുള്ള പഠനരീതി.
- പരീക്ഷണകുറിപ്പ് തയ്യാറാക്കുക

- ചുറ്റുപാടിനെ അറിയുന്നതിനായി കൃഷി സ്ഥലം, കാർഷിക ഗവേഷണ കേന്ദ്രം , കൃഷിഓഫീസ് എന്നിവ സന്ദർശിക്കുക
- ജൈവ വൈവിധ്യ ഉദ്യാനം നിർമിക്കുക
- ശാസ്ത്ര പഠനത്തിന് വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.
- ശാസ്ത്ര ദിനങ്ങൾ ആചരിക്കുക
- ശാസ്ത്ര പ്രതിഭകളുടെ ക്ലാസുകൾ സംഘടിപ്പിക്കുക.
- പ്രക്രിയാ ശേഷികൾ അനുസരിച്ചുള്ള പഠനതന്ത്രം രൂപപ്പെടുത്തുക
- പ്രകൃതി നടത്തം
- ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തുക
- ശാസ്ത്ര അംസംബ്ലി

## സംസ്കൃതം

## അക്കാദമിക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം .<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. **കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോർസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. **<u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |